(എ) ഈ വർഷത്തെ എസ്. എസ്. എൽ. സി. പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചതെന്നാണ്;

(ബി) പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നതിന് മുൻപായി തന്നെ റിസൾട്ട് ചോരുകയുണ്ടായോ;

(സി) ഏതെല്ലാം സ്കൂളുകളെ സംബന്ധിക്കുന്ന റിസൾട്ടുകളാണ് ചോർന്നത് എന്നും അത് സംഭവിച്ചതെപ്രകാരമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മേയ് മാസം 15-ാം തീയതി.

(ബി) ഇല്ല.

(സി) ബി-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മോഡറേഷൻ സമ്പ്രദായം

85 [5745] ശ്രീ. ഡി. സുഗതൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. കെ. മുഹമ്മദാലി:
,, എ. സുജനപാൽ:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ എത്ര ശതമാനം കുട്ടികൾ പാസ്സായി;

(ബി) മോഡറേഷൻ ഇല്ലാതെ ഓരോ വിഷയത്തിനും എത്ര ശതമാനം കുട്ടികൾ വീതം പാസ്സായി;

(സി) മോഡറേഷനോടു കൂടി ഓരോ വിഷയത്തിനും എത്ര ശതമാനം കുട്ടികൾ വീതം പാസ്സായി;

(ഡി) മോഡറേഷൻ സമ്പ്രദായം വേണ്ടെന്നു വയ്ക്കാൻ ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 62.37% കുട്ടികൾ പാസ്സായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മോഡറേഷൻ കൂടാതെ ഓരോ വിഷയത്തിനും പാസ്സായ കുട്ടികളുടെ ശതമാനം ചുവടെ ചേർക്കുന്നു:

First Language Paper I	62.5
First Language Paper II	62.6
English I	57.6
English II	57.8
Third Language	62.0
History	61.0
Geography	61.1
Physics	69.4
Chemistry	60.1
Biology	61.0
Maths I	59.8
Maths II	59.8

(സി) മോഡറേഷനോടു കൂടി ഓരോ വിഷയത്തിനും പാസ്സായ കുട്ടികളുടെ ശതമാനം ചുവടെ ചേർക്കുന്നു:

First Language Paper I	2.0
First Language Paper II	1.9
English I	7.0
English II	6.8
Third Language	2.6
History	3.5
Geography	3.4
Physics	4.1
Chemistry	4.4
Biology	3.5
Maths I	4.7
Maths II	4.7

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly